(എ) കെ. എസ്. ആർ. ടി. സി. എത്ര സബ് ഡിപ്പോകൾ കഴിഞ്ഞ നാല് വർഷത്തിനകം നിർത്തലാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) വിവിധ സ്ഥലങ്ങളിൽ കെ. എസ്. ആർ. ടി. സി. റൂട്ട് ക്യാൻസലേഷൻ നടത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അറ്റകുറ്റപ്പണികൾക്കായി കെ. എസ്. ആർ. ടി. സി. വർക്ക് ഷോപ്പുകളിൽ ഇപ്പോൾ എത്ര ബസ്സുകളാണുള്ളത്;

(ഡി) ഇവ അടിയന്തിരമായി നിരത്തിലിറക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പുതിയ റൂട്ടുകൾ അനുവദിക്കാനും, പുതിയ ബസ്സുകൾ നിരത്തിൽ ഇറക്കാനുമുള്ള നടപടി കെ. എസ്. ആർ. ടി. സി. സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഒരു സബ് ഡിപ്പോയും നിർത്തലാക്കിയിട്ടില്ല. എന്നാൽ 17 സബ് ഡിപ്പോകളിൽ നിന്നും എ. റ്റി. ഒ. മാരെ പിൻവലിക്കുകയും ചില കാറ്റഗറികളിലെ സ്റ്റാഫിന്റെ എണ്ണം കുറയ്ക്കുകയും ചെയ്തു. അതെല്ലാം ഈ സർക്കാർ വന്നതിനുശേഷം പുനഃസ്ഥാപിക്കുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) 601 ബസ്സുകൾ. ഇതിൽ 425 ബസ്സുകൾ കെ. എസ്. ആർ. ടി. സി. യുടെ സ്വന്തം ബസ്സുകളാണ്. അത് സർവ്വീസിനെ കാര്യമായി ബാധിക്കുന്നില്ല. മാത്രവുമല്ല ഇവയിൽ 200 ഓളം ബസ്സുകൾ വാർഷിക അറ്റകുറ്റപ്പണികൾക്കായിട്ടുള്ളതാണ്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

(ഇ) ഉണ്ട്.

കൊടുങ്ങല്ലൂരിൽ കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോ അനുവദിക്കുന്നതിന് നടപടി

116 [2253] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോ അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള തടസ്സങ്ങൾ എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) സബ് ഡിപ്പോ ആരംഭിക്കുന്നതിന്റെ മിനിമം മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) കൊടുങ്ങല്ലൂരിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നുള്ള സർവ്വീസുകൾ മതിയായ യാത്രാസൗകര്യം നൽകുന്നതിന് പര്യാപ്തമാണ്. ഈ കാരണത്താൽ ഇപ്പോൾ ഒരു സബ് ഡിപ്പോ തുടങ്ങുന്ന കാര്യം പരിഗണനയിൽ ഇല്ല.

(സി) സബ് ഡിപ്പോയുടെ പൊതു മിനിമം മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട റോഡരികിലായി കുറഞ്ഞത് 4 ഏക്കർ സ്ഥലം സൗജന്യമായി കെ. എസ്. ആർ. ടി. സി.-ക്ക് മുൻകൂർ കൈമാറേണ്ടതാണ്. ഗ്യാരേജിനും, വർക്ക്ഷോപ്പിനും, ഓഫീസിനും ആവശ്യമായ കെട്ടിടങ്ങൾ, ശുദ്ധ ജലം, വൈദ്യുതി, ചുറ്റുമതിൽ, ടോയ്ലറ്റ്, വിശ്രമമുറി, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടുകൂടി കെ. എസ്. ആർ. ടി. സി.-ക്ക് നൽകേണ്ടതാണ്.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങൾ

117 [2254] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏറ്റവും അവസാനം രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ ഓട്ടോറിക്ഷകളുടെ എണ്ണം എത്രയാണ്; പ്രൈവറ്റ് കാർ, ടാക്സി കാർ, ജീപ്പ്, ലോറി, ബസ്, ടെമ്പോ, ട്രക്കർ, ടാങ്കർ ലോറികൾ, ടൂറിസ്റ്റ് ബസ്സുകൾ തുടങ്ങിയവ ഓരോന്നും എത്രവീതം ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഓരോ വർഷവും മോട്ടോർ വാഹനങ്ങളുടെ നികുതിയിൽ നിന്നും സംസ്ഥാന സർക്കാരിന് കിട്ടുന്ന വരുമാനം എത്ര;

(ഡി) കെ. എസ്. ആർ. ടി. സി. എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2005 വരെ 31.22 ലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) (1) ഓട്ടോറിക്ഷ—3.21 ലക്ഷം
(2) പ്രൈവറ്റ് കാർ—4.28 ലക്ഷം
(3) ടാക്സി കാർ—0.99 ലക്ഷം
(4) ജീപ്പ്—0.72 ലക്ഷം
(5) ലോറി, ടെമ്പോ, ട്രക്കർ, ടാങ്കർ ലോറി } 1.73 ലക്ഷം
(6) ബസ് (സ്റ്റേജ് ക്യാരേജ്)—0.34 ലക്ഷം
ടൂറിസ്റ്റ് ബസ്സുകൾ (കോൺട്രാക്ട് ക്യാരേജ്)—0.62 ലക്ഷം

(സി) 2001-2002—3,85,84,94,768 രൂപ
2002-2003—4,20,98,89,717 ,,
2003-2004—4,87,13,16,535 ,,
2004-2005—5,03,22,68,966 ,, ലഭിച്ചിട്ടുണ്ട്.

(ഡി) 31-3-2005 വരെ കെ.എസ്.ആർ.ടി.സി. 12,356 ബസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly